**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 882** **06-02-2023 - ൽ മറുപടിയ്ക്ക്**

**വാത്സല്യനിധി ഇൻഷ്വറൻസ് പദ്ധതി കാര്യക്ഷമതയോടെ നടപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വിഭാഗത്തിലെ പെൺകുട്ടികളുടെ ക്ഷേമത്തിന് എൽ.ഐ.സി.യുമായി ചേർന്ന് നടപ്പാക്കിയ വാത്സല്യനിധി ഇൻഷ്വറൻസ് പദ്ധതിയിൽ അപേക്ഷ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | വാത്സല്യ നിധി പദ്ധതിയിൽ അംഗങ്ങളായ പട്ടികജാതി പെൺകുട്ടികളുടെ രക്ഷാകർത്താക്കളിൽ ആദ്യത്തെയാൾക്ക് മരണം/ അംഗവൈകല്യം സംഭവിച്ചാൽ നൽകേണ്ട ഇൻഷ്വറൻസ് തുക എൽ.ഐ.സി യിൽ നിന്നും അനുവദിച്ചിരുന്നത് കേന്ദ്ര സർക്കാർ നടപ്പിലാക്കി വന്നിരുന്ന പ്രധാനമന്ത്രി ജീവൻ ജ്യോതി ഭീമ യോജന (PMJJBY) പോളിസി പ്രകാരമാണ്. സ്കൂൾ തലത്തിൽ ഒൻപതാം ക്ലാസ്സ് മുതലുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ടി പോളിസിയുമായി ബന്ധപ്പെട്ടത്തി ശിക്ഷ സഹയോഗ് യോജന മുഖേന അനുവദിയ്ക്കാനും നിശ്ചയിച്ചിരുന്നു. എന്നാൽ 01.06.2020-ൽ കേന്ദ്ര സർക്കാർ ടി പോളിസി നിർത്തലാക്കിയതിനാൽ പ്രസ്തുത ഇൻഷ്വറൻസ് തുകയും വിദ്യാഭ്യാസാനുകൂല്യങ്ങളും അനുവദിയ്ക്കുവാൻ എൽ.ഐ.സി തയ്യാറല്ല. .ടി സാഹചര്യത്തിൽ നിലവിലുള്ള പദ്ധതി മാനദണ്ഡങ്ങളിൽ അനുയോജ്യമായ മാറ്റങ്ങൾ വരുത്തി കൂടുതൽ ഗുണകരമായ രീതിയിൽ പദ്ധതി പുനരാവിഷ്ക്കരിയ്ക്കുന്നതിനായി സർക്കാർ തലത്തിൽ എൽ.ഐ.സിയുമായി ചർച്ചകൾ നടത്തി വരുന്നതേയുള്ളു എന്നതിനാൽ പുതിയ അപേക്ഷകൾ നിലവിൽ സ്വീകരിയ്ക്കുന്നില്ല. |
| (ബി) | ഗുണഭോക്തൃ വിഹിതം നൽകാതെ കുട്ടിയുടെ ആരോഗ്യപരിരക്ഷയും പഠനമികവും ഉറപ്പാക്കാൻ ആരംഭിച്ച പ്രസ്തുത പദ്ധതി ഇപ്പോൾ നിശ്ചലമായിരിക്കുന്നത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | PMJJBY പോളിസി നിലവില്ലാത്ത സാഹചര്യത്തിൽ ടി പോളിസി പ്രകാരം നിശ്ചയിച്ചിരുന്ന ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ പുനസ്ഥാപിയ്ക്കുന്നതിനായി പുതിയ മാനദണ്ഡങ്ങൾ നിശ്ചയിച്ച് വാത്സല്യനിധി പദ്ധതി പുനഃക്രമീകരിക്കുന്നതിനു LIC യുമായി സർക്കാർ തലത്തിൽ ചർച്ചകൾ നടത്തി വരുന്നു. |
| (സി) | പദ്ധതി നിശ്ചലമായ സാഹചര്യത്തിൽ, ഇതിനോടകം പദ്ധതിയിൽ അംഗമായവർക്ക് | (സി) | PMJJBY പോളിസി നിലവില്ലാത്ത സാഹചര്യത്തിൽ ടി പോളിസി പ്രകാരം നിശ്ചയിച്ചിരുന്ന ഇൻഷ്വറൻസ് |

| | | | |
|---|---|---|---|
| | വിദ്യാഭ്യാസ ആനുകൂല്യങ്ങളും രക്ഷിതാവ് മരിച്ചാലുള്ള ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കാമോ; | | ആനുകൂല്യങ്ങൾ പുനസ്ഥാപിയ്ക്കുന്നതിനായി പുതിയ മാനദണ്ഡങ്ങൾ നിശ്ചയിച്ച് വാത്സല്യനിധി പദ്ധതി പുനഃക്രമീകരിക്കുന്നതിനു LIC യുമായി സർക്കാർ തലത്തിൽ ചർച്ചകൾ നടത്തി വരുന്നു. |
| (ഡി) | പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിക്ക് പ്രചരണം കുറവായതിനാലാണ് അപേക്ഷകളുടെ എണ്ണം വർദ്ധിക്കാത്തത് എന്ന ന്യൂനത പരിഹരിക്കാനും പദ്ധതി കാര്യക്ഷമതയോടെ നടപ്പാക്കാനും ആവശ്യമായ നടപടി സ്വീകരിക്കുമോ; | (ഡി) | വാത്സല്യനിധി പദ്ധതിയുടെ പ്രചാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിയിരുന്നു. |
| (ഇ) | പദ്ധതിയിൽ ചേരുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ; എല്ലാ സ്കൂളുകളിലും പദ്ധതിയുടെ പ്രചരണം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | വാത്സല്യനിധി പദ്ധതിയിൽ ചേരുന്നതിനുള്ള മാനദണ്ഡങ്ങൾ :-<br>1. 01.04.2017 മുതൽ ജനിച്ച പെൺകുട്ടികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.<br>2. അപേക്ഷകയായ പെൺകുട്ടിയുടെ മാതാപിതാക്കളുടെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയായിരിയ്ക്കണം.<br>3. പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ ബന്ധപ്പെട്ട ബ്ലോക്ക്/മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ അപേക്ഷ സമർപ്പിച്ചിരിയ്ക്കണം.<br>കുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ പദ്ധതിയിൽ അംഗമാകേണ്ടതിനാൽ സ്കൂളുകളിൽ പ്രചരണം നടത്തുന്നതിൽ പ്രസക്തിയില്ല . |

സെക്ഷൻ ഓഫീസർ